**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 152** **06-07-2022 - ൽ മറുപടിയ്ക്ക്**

**സിൽവർ ലൈൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ,<br>ശ്രീ . പി . ഉബൈദുള്ള ,<br>ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ . ടി. വി. ഇബ്രാഹിം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സിൽവർ ലൈൻ പദ്ധതി ഉപേക്ഷിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച നയം വ്യക്തമാക്കാമോ; സാമൂഹിക, പാരിസ്ഥിതിക ആഘാത പഠനങ്ങളോ വ്യക്തമായ പദ്ധതി രേഖയോ നിയമപരമായി പാലിക്കേണ്ട നടപടിക്രമങ്ങളോ ഇല്ലാതെയാണ് പദ്ധതി നടപ്പാക്കുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പദ്ധതി നടപ്പാക്കാനുള്ള നീക്കം പുന:പരിശോധിക്കുമോ; | (എ) | ഇല്ല. സിൽവർലൈൻ പദ്ധതിക്ക് നിക്ഷേപപൂർവ്വ പ്രവർത്തനങ്ങൾ നടത്തുന്നതിന് കേന്ദ്രസർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. വിശദ പദ്ധതി റിപ്പോർട്ട് റെയിൽവേ ബോർഡിന്റെ പരിഗണനയ്ക്കും സർപ്പിച്ചിരുന്നു. തത്വത്തിൽ അംഗീകാരം കിട്ടിയ പദ്ധതികൾക്ക് പ്രാഥമിക ഭൂമി ഏറ്റെടുക്കൽ നടപടികൾ തുടങ്ങുവാൻ സാധിക്കുമെന്ന് കേന്ദ്ര ധനകാര്യ മന്ത്രാലയം വ്യക്തമാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഏറ്റെടുക്കൽ നടപടിക്രമങ്ങൾ തുടങ്ങുന്നതിനും വേഗത്തിലാക്കുന്നതിനും ബഹു. കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രിയുടെ 15.01.2022 ലെ കത്തും ലഭിച്ചിരുന്നു. ഇതനുസരിച്ച് സാമൂഹ്യ ആഘാത പഠനം ഉൾപ്പെടെയുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്.<br><br>സെന്റർ ഫോർ എൻവയോൺമെന്റ് ആന്റ് ഡെവലപ്മെന്റ് പദ്ധതിക്കായി നടത്തിയ പരിസ്ഥിതി ആഘാത പഠന റിപ്പോർട്ട് കെ-റെയിൽ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ സമഗ്ര പരിസ്ഥിതി ആഘാത പഠനം നടത്തിവരികയാണ്. സാമൂഹികാഘാത പഠനം പുരോഗമിച്ചുവരുന്നു. |
| (ബി) | കെ-റെയിൽ അധികൃതർ സിൽവർ ലൈൻ പദ്ധതിയുടെ ഡി.പി.ആർ. പരിശോധിച്ച് അംഗീകാരം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; പദ്ധതിക്കായി ഏതെങ്കിലും ഏജൻസികളിൽ നിന്നോ മറ്റോ വായ്പകൾ സ്വീകരിച്ചിട്ടുണ്ടോ; | (ബി) | സിൽവർലൈനിന്റെ ഡി.പി.ആർ കെ.ആർ.ഡി.സി.എൽ-ന്റെ ബോർഡ് ഓഫ് ഡയറക്ടേഴ്സ് അംഗീകരിച്ചിട്ടുണ്ട്.<br><br>വിശദമായ പദ്ധതി റിപ്പോർട്ട് അനുസരിച്ച് സിൽവർ ലൈൻ പദ്ധതിക്കായി 63,941 കോടി രൂപയാണ് ആവശ്യമായ വരിക. ഡി.പി.ആർ പ്രകാരം ബഹുമുഖ അന്താരാഷ്ട്ര ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് 33,700 കോടി രൂപ |

| | | | |
|---|---|---|---|
| | | | സമാഹരിക്കാനാണ് ലക്ഷ്യമിട്ടുന്നത്. ഇതിനായി എ.ഡി.ബി, ജൈക്ക, എ.ഐ.ഐ.ബി, കെ.എഫ്.ഡബ്ല്യൂ എന്നിവരെ കേന്ദ്ര ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് വഴി സമീപിക്കുകയും വിശദ പദ്ധതി റിപ്പോർട്ട് നീതി ആയോഗിനുൾപ്പെടെ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ടുള്ളതായി പറയപ്പെടുന്ന ജനങ്ങളുടെ ആശങ്കയകറ്റാൻ സർക്കാർ തയ്യാറാകുമോ? | (സി) | പദ്ധതിയ്ക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ ഉയർന്ന നഷ്ടപരിഹാരം ഉറപ്പാക്കുമെന്ന് സർക്കാർ ഉറപ്പ് നൽകിയിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട് ഉയർന്ന എല്ലാവിധ സംശയങ്ങളും ദൂരീകരിക്കുന്നതിന് ജില്ലാ അടിസ്ഥാനത്തിൽ ജനസമക്ഷം പരിപാടി സംഘടിപ്പിച്ചിരുന്നു. പദ്ധതിയെക്കുറിച്ചുയർന്ന സംശയങ്ങൾക്ക് വ്യക്തമായ മറുപടി പരിപാടിയിൽ നൽകുകയുണ്ടായി. അത് കൂടാതെ സംവാദം എന്ന പേരിൽ പദ്ധതിയുടെ സാങ്കേതിക വിശദാംശങ്ങൾ പൊതുജനങ്ങൾക്കായി ചർച്ച ചെയ്യുകയുണ്ടായി. ജനസമക്ഷം പരിപാടിയുടെ തുടർച്ചയായി സാമൂഹ്യ മാധ്യമങ്ങളിൽ കൂടി ജനങ്ങളുടെ ചോദ്യങ്ങൾക്ക് മറുപടി നൽകാൻ ഓൺലൈൻ-ജനസമക്ഷം എന്ന പരിപാടി കെ-റെയിൽ ഇപ്പോൾ നടത്തി വരികയാണ്. എം.എൽ.എമാർക്ക് പദ്ധതിയുടെ വിശദാംശങ്ങൾ സംബന്ധിച്ച് കെ-റെയിൽ പ്രസന്റേഷനും നടത്തിയിട്ടുണ്ട്. ജനങ്ങളുടെ ആശങ്കകൾ പരിഹരിച്ച് ജനപിന്തുണയോടെ പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ